(എ) എം. ജി. സർവ്വകലാശാലയിൽ താൽക്കാലികമായി നിയമിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകർക്ക് യു.ജി.സി. ശമ്പള സ്കെയിൽ നൽകാനുള്ള സിൻഡിക്കേറ്റ് തീരുമാനം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം സർവ്വകലാശാലയ്ക്ക് കൂടുതലായി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ ബാധ്യത കൂടി കണക്കിലെടുത്ത് ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) & (ബി) 3-3-2005-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം യു.ജി.സി./ എ. ഐ. സി. റ്റി. ഇ./ഐ. എൻ. സി./എൻ. സി. റ്റി. ഇ. നിരക്കിലുള്ള ശമ്പളം നൽകുന്നതിന്റെ നടപടിക്രമങ്ങൾ തിട്ടപ്പെടുത്തുന്നതിന് പ്രൊ. സി. സി, ജേക്കബ് കൺവീനറായി ഒരു ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സമിതി അദ്ധ്യാപകരുടെ യോഗ്യതകൾ, സർവ്വകലാശാലയ്ക്കുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത, കോഴ്സുകളുടെ ലാഭനഷ്ട സാദ്ധ്യതകൾ, സംവരണ തത്വങ്ങൾ എന്നിവ വിശദമായി പരിശോധിക്കുന്നതാണ് എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. തീരുമാനം പുന:പരിശോധിക്കാൻ സർവ്വകലാശാലയോട് ആവശ്യപ്പെടുന്നതാണ്.

കോമേഴ്സ്, സോഷ്യോളജി ബിരുദധാരികൾക്ക് പ്ലസ്ടു അദ്ധ്യാപക നിയമനം

136 [3662] *ശ്രീ. എ. എൻ. രാജൻ ബാബു:*

,, *കെ. കെ. ഷാജു:*

,, *ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ ബി.കോം., ബി.എ., എം.എ., സോഷ്യോളജി കോഴ്സുകൾക്ക് ബി. എഡ്. ഡിഗ്രി ഇല്ലാത്തതിനാൽ ബി. കോം., സോഷ്യോളജി വിഷയങ്ങൾ പാസ്സായ വിദ്യാർത്ഥികൾ, എച്ച്. എസ്സ്. എസ്. ടി. ആയി നിയമനം കിട്ടാതെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ബി.കോം., ബി.എ., സോഷ്യോളജി വിഷയങ്ങൾക്കുകൂടി ബി.എഡ്. കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സെറ്റും സെക്കന്റ് ക്ലാസ് ബിരുദാനന്തര ബിരുദവും ഉള്ളവർക്ക് ബി. എഡ്. ഇല്ലാതെ തന്നെ എച്ച്. എസ്. എസ്. ടി. പോസ്റ്റിലേക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പരിശോധിക്കുന്നതാണ്.

(സി) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്. ഇല്ലാത്തവരുടെ അഭാവത്തിൽ ബന്ധപ്പെട്ട ഫാക്കൽറ്റിയിലോ അതുമല്ലെങ്കിൽ മറ്റേതെങ്കിലും വിഷയത്തിലോ ബി.എഡ്. ഉള്ളവരെ ഇപ്പോൾത്തന്നെ എച്ച്. എസ്. എസ്. ടി. നിയമനങ്ങൾക്കു പരിഗണിക്കുന്നതിന് നിലവിലുള്ള സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥയുണ്ട്.

ഗ്രന്ഥശാലകളുടെ ഫണ്ടും ആധുനികവൽക്കരണവും

137 [3663] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രന്ഥശാലകൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അംഗീകാരമുള്ള വായനശാലകളുടെ ജില്ലതിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

(സി) കേരള ഗ്രന്ഥശാലാസംഘത്തിന് നിയമപരമായി ലഭിക്കാവുന്ന ഗ്രാന്റുകളും ആനുകൂല്യങ്ങളും ഏതൊക്കെയാണ്; ഇതുപ്രകാരം പ്രതിവർഷം അനുവദിക്കാവുന്ന തുക അറിയിക്കാമോ;

(ഡി) 2001-2002, 2002-2003, 2003-2004, 2004-2005 വർഷങ്ങളിൽ ഗ്രാന്റ്, ലൈബ്രറിസെസ്സ് ഇനങ്ങളിലായി ഗ്രന്ഥശാലാസംഘത്തിന് കൊടുത്ത തുക എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly